# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1576 — 04.12 .2015 ലെ മറുപടിക്ക്

### കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ:<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.എം.എ.വാഹിദ്:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരങ്ങളിലെ കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിന് കൂടുതൽ കൃത്യതയും അതോടൊപ്പം ആയത് സുഗമവും കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുക എന്നതാണ് ഓൺലൈൻ പെർമിറ്റ് സംവിധാനം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ് വെയർ വഴിയാണ് കെട്ടിടനിർമ്മാണ അനുമതി നൽകി വരുന്നത്. പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപടികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പാക്കുന്നതിലേയ്ക്കുമായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)നെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ